പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **696.**

08/03/2012 - ൽ മറുപടിയ്ക്ക്

## ഔഷധച്ചെടികളുടെ കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു | ശ്രീ.അടൂർ പ്രകാശ് ( ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആയുർവേദ ചികിത്സയ്ക്കാവശ്യമായ ഔഷധച്ചെടികൾ കൂടുതലായി കൃഷി ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഔഷധസസ്യമിഷൻ. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് കേരളത്തിൽ ദേശീയ ഔഷധസസ്യമിഷൻ പദ്ധതികൾ നടപ്പിലാക്കുന്നത്.<br>24 ഔഷധസസ്യ നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 168 ലക്ഷം രൂപയും 1725 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യകൃഷി വ്യാപിപ്പിക്കുന്നതിലേയ്ക്കായി 362 ലക്ഷം രൂപയും വിളവെടുപ്പാനന്തരപരിപാലനം, സംസ്കരണം, മൂല്യവർദ്ധനം എന്നീ ഘടകങ്ങളുടെ 25 യൂണിറ്റുകൾക്കായി 1087.5 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനായി 80.87 ലക്ഷം രൂപയും 2012 - 13 സാമ്പത്തിക വർഷത്തിൽ മിഷന്റെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ ഔഷധസസ്യ ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ് |

| | | | |
|---|---|---|---|
| (ബി) | വനം വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് വനാതിർത്തികളിലും മറ്റും ഔഷധച്ചെടികൾ കൃഷി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലത്ത് എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ നേതൃത്വത്തിൽ വനഭൂമിയിൽ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന വനംവകുപ്പിന് ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും 2009 - 2010 സാമ്പത്തിക വർഷം 554 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കൂടി 700 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യങ്ങൾ ഇടവിളയായോ തനിവിളയായോ നട്ടുവളർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. കേരള വനവികസന കോർപ്പറേഷന് (KFDC) 169 ലക്ഷം രൂപയും ദേശീയ ഔഷധ സസ്യ ബോർഡിൽ നിന്ന് സംസ്ഥാന ഔഷധ സസ്യബോർഡു മുഖേന അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഇതിൽക്കൂടി 300 ഹെക്ടർ സ്ഥലത്ത് ഔഷധ വൃക്ഷങ്ങളുടെ കൃഷി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഔഷധച്ചെടികൾ വിദേശത്ത് കയറ്റി അയയ്ക്കാൻ പറ്റുന്ന രൂപത്തിൽ വ്യാപകമായി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകുമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ